കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പുതിയതായി ചാർജ്ജെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ പ്രത്യേക ക്രമീകരണം നടത്തുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3627 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 10.11.2017

വായന :- 1. കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.10.2017 ലെ 82/2017 ഡി.പി.ഒ/കണ്ണൂർ നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01/11/2017 ലെ 4.21 നമ്പർ തീരുമാനം

ഉത്തരവ്

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാതെ വന്നപ്പോൾ ഈ വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്തുവെന്നും പുതിയ അസിസ്റ്റന്റ് എഞ്ചിനീയർ ചാർജ്ജെടുത്തപ്പോൾ ഈ പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിൽ സാധിക്കുന്നില്ലെന്നും ഇതിനു പ്രത്യേക ക്രമീകരണം നടത്തണമെന്നും കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.17 -ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.21 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതിനുള്ള ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ

സെക്രട്ടറി, മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ